കേരള സരക്കാര

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം തിരുവല്ല നഗരസഭ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ 31/05/2014 ന് വിരമിച്ച ശ്രീ.വിനയകുമാർ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി ജോലി നോക്കി വരവേ 11/07/1990 ന് രാജി സമർപ്പിച്ച കാലയളവ് യോഗ്യസേവനകാലമായി പെൻഷന് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1551 /2016/തസ്വഭവ. തീയതി,തിരുവനന്തപുരം, 27/04/2016.

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 30/01/2016 തിയതിയിലെ ഇ 6-16495/15 നമ്പർ കത്ത്.

ഉത്തരവ്

തിരുവല്ല നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ 31/05/2014 ന് വിരമിച്ച ശ്രീ.വിനയകുമാർ 30/11/1988 മുതൽ 11/07/1990 വരെ ഗവൺമെന്റ് സർവ്വീസിൽ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി ജോലി നോക്കി വരവേ 11/07/1990 ന് രാജി സമർപ്പിക്കുകയുണ്ടായെന്നും രാജി വച്ച ടി കാലയളവ് കൂടി പെൻഷന് പരിഗണിക്കണമെന്ന് സെക്രട്ടറി മുഖാന്തിരം അപേക്ഷിച്ചിരിക്കുന്നു.ടിയാന്റെ സേവനപുസ്തകം പരിശോധിച്ചതിൽ ശ്രീ.വിനയകുമാർ 30/11/1988 പൂർവ്വാഹ്നം മുതൽ 11/07/1990 പൂർവ്വാഹ്നം വരെയുള്ള കാലയളവിൽ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി സേവനമനുഷ്ഠിച്ചിട്ടുള്ളതായും തുടർന്ന് 28/06/1991 ൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുകയും 31/05/2014 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുള്ളതാണ്. തിരുവല്ല നഗരസഭ റിട്ട.ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ 31/05/2014 ന് വിരമിച്ച ശ്രീ.വിനയകുമാർ 30/11/1988 മുതൽ 11/07/1990 വരെ ഗവൺമെന്റ് സർവ്വീസിൽ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി ജോലി നോക്കി വരവേ 11/07/1990 ന് രാജി സമർപ്പിക്കുകയുണ്ടായെന്നും രാജിവച്ച ടി കാലയളവ് കൂടി പെൻഷന് പരിഗണിക്കണമെന്നപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30/11/1988 മുതൽ 11/07/1990 വരെ ഗവൺമെന്റ് സർവ്വീസിൽ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി ജോലി നോക്കുകയും, രാജിയെ തുടർന്ന് 28/06/1991 ൽ മാത്രം കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.വിനയകുമാറിന്റെ രണ്ട് സേവനങ്ങൾക്കിടയിലുള്ള അയോഗ്യസേവനകാലമായ 11 മാസവും 17 ദിവസവും 24/09/2014 ലെ ജി.ഒ.(പി)413/2014/ധന പ്രകാരം മുൻകാല സർവ്വീസിനെ ബാധിക്കാത്ത വിധത്തിൽ ബ്രേക്കായി പരിഗണിച്ച്, ആയത് മാപ്പാക്കി, ടിയാൻ ഗവൺമെന്റ് സർവ്വീസിൽ ട്രൈബൽ ഡവലപ്മെന്റിൽ ഓഫീസ് വാർഡനായി ജോലി നോക്കിയിരുന്ന 30/11/1988 മുതൽ 11/07/1990 വരെയുള്ള കാലയളവ് യോഗ്യസേവനകാലമായി പെൻഷന് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ശ്രീ.വിനയകുമാറിന്റെ സേവന പുസ്തകം ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,സൗത്ത് പറവൂർ നഗരസഭ
ശ്രീ.വിനയകുമാർ, റിട്ട.ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ,തിരുവല്ല നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

2